(ഡി) ഫ്ളൈ ഓവറിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനു കഴിയാത്തതും കോടതി വ്യവഹാരങ്ങളും തകരപ്പറമ്പിലെ ചെറുകിട കച്ചവടക്കാരുടെ പുനരധിവാസ പാക്കേജിന് അന്തിമരൂപം നൽകുവാൻ സാധിക്കാത്തതുമാണ് പ്രസ്തുത പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കുവാൻ കഴിയാതിരുന്നത്.

ഹരിപ്പാട് നങ്ങ്യാർകുളങ്ങരയിലും മാധവാ ജംഗ്ഷനിലും ട്രാഫിക് ലൈറ്റുകൾ

236 (1964) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ നങ്ങ്യാർകുളങ്ങരയിലും മാധവാ ജംഗ്ഷനിലും വർദ്ധിച്ചുവരുന്ന തിരക്കുകൾ പരിഗണിച്ച് ഓരോ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ അടിയന്തരനടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയപാത വികസന പദ്ധതി പ്രകാരം നാലുവരിപ്പാതയാക്കി വികസിപ്പിക്കുമ്പോൾ ടി ജംഗ്ഷനുകൾ നവീകരിക്കുകയും നിരത്തിന്റെ തിരക്കു മനസ്സിലാക്കി ട്രാഫിക് സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

തകരപ്പറമ്പിലെ നിർദ്ദിഷ്ട ഫ്ളൈഓവർ നിർമ്മാണം

237 (1965) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ പഴവങ്ങാടിക്കു സമീപം തകരപ്പറമ്പിൽ നിർദ്ദിഷ്ട ഫ്ളൈഓവർ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) ഈ കരാർ ഏത് കമ്പനിക്കാണ് നൽകിയത് ; അടങ്കൽ തുക എത്ര ; എത്ര ശതമാനം എസ്റ്റിമേറ്റ് തുകയിൽ നിന്നും ഉയർത്തിയാണ് കരാർ നൽകിയത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫ്ളൈഓവറിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) ഈ കരാർ, തിരുവനന്തപുരം റോഡ് ഡവലപ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയത്. തകരപ്പറമ്പ് ഫ്ളൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രത്യേക അടങ്കൽ തുക നിശ്ചയിച്ചിട്ടില്ല. പ്രസ്തുത ഫ്ളൈഓവർ ഉൾപ്പെടെ നഗരത്തിലെ 42 കി.മീ. റോഡ് വികസിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly